ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) 1958 ൽ ഇന്ത്യാഗവണ്മെൻറ് ഈ ഗവണ്മെൻറിൻെറ്റിലേക്ക് 1.8 കോടി രൂപാ ആയിരുന്ന ഭക്ഷ്യസബ്സിഡി ഇനത്തിൽ അനുവദിച്ചിരുന്നതു്. എന്നാൽ ഈ ഗവണ്മെൻറ് ഇന്ത്യാഗവണ്മെൻറിനോടു് നടത്തിയ ആവശ്യപ്പെട്ടുള്ള നിവേദനങ്ങളുടെ ഫലമായി ഭക്ഷ്യസബ്സിഡിയിനത്തിൽ 12 1/2 ലക്ഷം രൂപായോളമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സബ്സിഡി ഇനിയും മുഴുവനായി കിട്ടുന്നതിനു് വല്ല ശ്രമങ്ങളും നടത്തുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഇനിയും കൂട്ടിക്കിട്ടണമെന്ന നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സബ്സിഡി മുഴുവൻ തരാൻ സാധ്യമല്ല എന്നു് ഇന്ത്യാഗവണ്മെൻറ് ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: മുഴുവൻ തരാൻ സാധ്യമല്ലെന്നറിയിച്ചിട്ടുണ്ടു്.

Sri. N. Danial Jose: In other Provinces what is the percentage of subsidy given by the Government of India?

Sri. K. M. Korah: That depends upon ever so many circumstances. Without notice I cannot give an answer as to what exactly is the percentage.

സ്ഥലം പതിവു്

*1058 വൃ. (1 ക) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ അഴീക്കോടു വില്ലേജിൽ അടുത്തകാലത്തു് കടൽ നീങ്ങി ഉണ്ടായിട്ടുള്ള പുറമ്പോക്കു സ്ഥലം യാതൊരാവേതനമായി കാൺഗ്രസ്സുകാർക്കു് പതിച്ചുകൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആ സ്ഥലം പതിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഏതെങ്കിലും കാൺഗ്രസ്സുകാർ ഗവണ്മെൻറിലേയ്ക്കു് അപേക്ഷ അയച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രസ്തുത സ്ഥലം ആർക്കെങ്കിലും പതിച്ചുകൊടുക്കണമോ എന്നുള്ള കാര്യം ആലോചനയിലിരിക്കുന്നതേയുള്ളൂ.

(ബി) ഈ സ്ഥലം ഭക്ഷ്യോൽപാദനത്തിനായി പതിച്ചുകൊടുക്കണമെന്നു് പാർലിമെൻറംഗമായ ശ്രീ. പി. സി. അഹമ്മദുണ്ണി അപേക്ഷിച്ചിട്ടുണ്ടു്.

AIKKARANAD LIFT IRRIGATION SCHEME

*139. [52] **Sri. N. V. Chacko:** Will the hon. Minister for Irrigation be pleased to state.—

(a) whether the Aikkaranad Lift Irrigation Scheme has been partially given up;

(b) whether it is partially given up owing to excessive cost for making flumes; and

(c) whether the Government propose to put a bund in the punja fields to store water for mundakan crop?

Minister for Finance and Food **(Sri. K. M. Korah):**

(a), (b) and (c) Information is being only collected and answer will be furnished on a later occasion.

LIBRARY ARCHIVES Kerala Legislative Assembly